വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സംസ്ഥാനത്ത് ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ ആരംഭിക്കുന്നതിനുള്ള ശിപാർശ തത്വത്തിൽ അംഗീകരിച്ച് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(ബി) അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ വിദേശ സർവ്വകലാശാലകളുമായി ചേർന്ന് അന്താരാഷ്ട്രതല ബിരുദ-ബിരുദാനന്തര കോഴ്സുകളും, സ്കിൽ അടിസ്ഥാനത്തിൽ അന്താരാഷ്ട്രതലത്തിലെ നവീനവും ഭാവിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന കോഴ്സുകൾ പെലവ് കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തിനകത്ത് ലഭ്യമാക്കാനും അതിലൂടെ പരോക്ഷമായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗേന്മ ഉയർത്താനും കഴിയുന്നതാണ്. കൂടാതെ സ്വദേശ-വിദേശ വിദ്യാർത്ഥികൾക്ക് പെലവ് കുറഞ്ഞ തരത്തിൽ വിദേശ സർവ്വകലാശാലകളിലെ കോഴ്സുകൾ പഠിക്കുന്നതിന് സൗകര്യങ്ങൾ ലഭിക്കുന്നതിലൂടെ, കേരളം മികവുറ്റ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാകുന്നതുമാണ്.

(സി) അക്കാദമിക് സിറ്റി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി " അക്കാദമിക് സിറ്റി ആക്ട്" എന്ന ഒരു നിയമം പാസ്സാക്കേണ്ടതുണ്ട്. ഇന്റർനാഷണൽ ഹയർ അക്കാദമിക് സോണിന്റെ ഘടനനിർവ്വഹണം ഉറപ്പുവരുത്തുക, വിദ്യാഭ്യാസ ഏജൻസികളുടെ ലൈസൻസ് പുതുക്കുക തുടങ്ങിയവ അക്കാദമിക് സിറ്റി അതോറിറ്റിയുടെ ചുമതലകളിൽപ്പെടുന്നു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ, യൂണിവേഴ്സിറ്റികൾ, ദേശീയ സ്ഥാപനങ്ങൾ, കേന്ദ്ര മാനവശേഷി മന്ത്രാലയം, കേന്ദ്ര വിദേശകാര്യ വകുപ്പ് എന്നിവയുടെ പ്രതിനിധികളും അക്കാദമിക മേഖലയിൽ പ്രാവീണ്യം നേടിയ വ്യക്തികളും ഉൾപ്പെട്ടതായിരിക്കും അക്കാദമിക് സിറ്റി അതോറിറ്റി.

വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സർക്കാർ ഭൂമി

17(*107) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ അധീനതയിലെ പൊതു ഭൂമി ഏതൊക്കെ വകുപ്പുകളുടെ നിയന്ത്രണത്തിലാണ് നിലനിർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച വിവരങ്ങൾ റവന്യൂ വകുപ്പ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) വിവിധ വകുപ്പുകൾ തമ്മിൽ സർക്കാർ ഭൂമിയുടെ കാര്യത്തിൽ തർക്കങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വകാര്യ സ്ഥാപനങ്ങളും ഉടമകളും അനധികൃതമായി ആയിര കണക്കിനേക്കാൾ പൊതു ഭൂമി കൈവശം വച്ചിട്ടുള്ളതായ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഓരോ വില്ലേജിലെയും പൊതു ഭൂമി സർവ്വേ നമ്പർ, വിസ്തൃതി, കൈവശച്ചുമതലയുള്ള സർക്കാർ വകുപ്പ് എന്നിവ അടയാളപ്പെടുത്തിയ സർവ്വേ റിക്കാർഡ് തയ്യാറാക്കി ഓരോ വില്ലേജ് ഓഫീസിലും പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) :

(എ) സർക്കാരിന്റെ അധീനതയിലുള്ള പൊതുഭൂമി, റവന്യൂ, മുനിസിപ്പാലിറ്റി, പഞ്ചായത്ത്, പൊതുമരാമത്ത്, ജലസേചനം, വിദ്യാഭ്യാസം, ആരോഗ്യം, വനം, കെ.എസ്.ഇ.ബി., റെയിൽവേ തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ളതാണ്. എങ്കിലും സർക്കാർ ഭൂമിയെ സംബന്ധിച്ചുള്ള ആധികാരിക അവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. വിവിധ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്നത് റവന്യൂ വകുപ്പിന്റെ അറിവോടെയാണ്.

(ബി) എല്ലാ വില്ലേജ് ഓഫീസുകളിലും സൂക്ഷിച്ചിരിക്കുന്ന പുറമ്പോക്ക് രജിസ്റ്ററിൽ സർക്കാരിന്റെ പുറമ്പോക്കുകളുടെ സർവ്വേ നമ്പരും അത് ഏത് വകുപ്പിന്റെ അധീനതയിലുള്ളതാണെന്നും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

(സി) മിച്ചഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ വനം വകുപ്പുമായി തർക്കങ്ങൾ നിലവിലുണ്ട്. ആയത് പരിഹരിക്കുന്നതിനായി സംയുക്ത സർവ്വേ നടത്തി വരുന്നുണ്ട്. തർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കുന്നതിന് ജില്ലാ തലത്തിലും സർക്കാർ തലത്തിലും നടപടി സ്വീകരിക്കുന്നുണ്ട്. പൊതുഭൂമി സംബന്ധിച്ച വിവരങ്ങൾ അതാത് വില്ലേജ്/താലൂക്ക് ഓഫീസുകളിലെ റവന്യൂ റെക്കോർഡുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളുടെ കൈവശമുള്ള പൊതുഭൂമി സംബന്ധിച്ചുള്ള റെക്കോർഡുകൾ വില്ലേജ് ഓഫീസുകളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് പ്രത്യേകിച്ച് സംവിധാനങ്ങൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly